ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി.എസ്. ജോൺ):

(എ) കേരളത്തിൽ 354 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

(ബി) ഇപ്പോഴുള്ള പദ്ധതികൾ പ്രകാരം 671 കുടുംബങ്ങൾക്കു കൂടി തൊഴിൽ നൽകാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുനഃസംഘടന

*301 [318] ശ്രീ. പി. റ്റി. കുഞ്ഞുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പ്രസ്തുത കോർപ്പറേഷൻ പുനഃസംഘടിപ്പിക്കണം എന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുനഃസംഘടിപ്പിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വാർഷിക റവന്യൂ വരുമാനം

*302 [319] ശ്രീ. യു. എ. ബീരാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തിന്റെ വാർഷിക റവന്യൂ വരുമാനം എത്ര;

(ബി) പ്രതിവർഷ ശമ്പളച്ചെലവ് എത്ര?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ബഡ്ജറ്റ് അടങ്കലുകളനുസരിച്ച് സംസ്ഥാനത്തിന്റെ 78-79-ലെ വാർഷിക വരുമാനം 479.63 കോടി രൂപയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

(രൂപാ കോടിക്കണക്കിൽ)

കേന്ദ്ര നികുതികളുടേയും തീരുവകളുടേയും വിഹിതം	:	74.08
സംസ്ഥാന നികുതി വരവ്	:	217.34
നികുത്യേതര വരവ്	:	80.75
കേന്ദ്രത്തിൽ നിന്നുള്ള സഹായധനം	:	95.46
പുതിയ നികുതികൾ	:	12.00
ആകെ		479.63

LIBRARY ARCHIVES Kerala Legislative Assembly